പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 422

27.02.2018 ലെ മറുപടിയ്ക്ക്

**ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങൾ**

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീ.എം. സ്വരാജ് | | ബഹു: ധനകാര്യവും കയറും വകുപ്പമന്ത്രി<br>ഡോ: ടി. എം.തോമസ് ഐസക് |
| എ | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവത്കരണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ പ്രധാന സേവനങ്ങളായ എസ്.എൽ.ഐ/ജി.ഐ.എസ് എന്നീ പദ്ധതികളിലെ പോളിസി അംഗത്വം അനുവദിക്കൽ, വിരമിക്കൽ/മരണാനന്തര ക്ലെയിം തുക അനുവദിക്കൽ എന്നീ പ്രവർത്തനങ്ങളും ജനറൽ ഇൻഷ്വറൻസിലെ മോട്ടോർ/പോളിസി അനുവദിയ്ക്കൽ എന്നിവയും വകുപ്പിന്റെ സോഫ്റ്റ്വെയറായ 'വിശ്വാസ്' വഴിയാണ് നൽകിവരുന്നത്. ഇവയിൽ ജി.ഐ.എസ് അംഗത്വം നൽകൽ, ക്ലെയിം അനുവദിക്കൽ എന്നീ സേവനങ്ങൾ ഓൺലൈൻ സംവിധാനത്തിലാണ് നൽകി വരുന്നത്. എസ്.എൽ.ഐ/ജി.ഐ. എസ് എന്നീ പദ്ധതികളിലെ മുൻകാല പ്രീമിയം അടവ് വിവരങ്ങൾ ഡി.ഡി.ഒ.മാരിൽ നിന്നും ഓൺലൈനായി ശേഖരിക്കുന്ന പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. വകുപ്പിലെ 10 ലക്ഷത്തോളം വരുന്ന എസ്.എൽ.ഐ പോളിസി ഫയലുകൾ സ്കാൻ ചെയ്ത് സോഫ്റ്റ് വെയറിൽ ചേർക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. വകുപ്പിലെ എല്ലാ ഓഫീസുകളിലെയും നെറ്റ് വർക്ക് സംവിധാനം ഓപ്റ്റിക്കൽ ഫൈബർ വഴി ബന്ധിപ്പിക്കുന്നിതിനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായി. വകുപ്പിന്റെ പ്രവർത്തനങ്ങൾ സ്പാർക്കുമായും ട്രഷറി BIMS സംവിധാനവുമായും ബന്ധിപ്പിക്കുന്നതിനും, വെബ്സൈറ്റ് നവീകരിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| ബി | ഈ പ്രവർത്തനങ്ങൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വെളിപ്പെടുത്തുമോ? | കമ്പ്യൂട്ടറൈസേഷന്റെ ആദ്യഘട്ട പ്രവർത്തനങ്ങൾ 2017-18 സാമ്പത്തിക വർഷാവസാനത്തോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ 2018-19 സാമ്പത്തിക വർഷാരംഭത്തോടെ ആരംഭിച്ച് ടി വർഷം പകുതിയോടെ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

അക്കൗണ്ട്സ് ഓഫീസർ